# പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 897** — **11.03.2015 -ൽ മറുപടിയ്ക്ക്**

## സംസ്ഥാന നിയമസഭ പാസ്സാക്കിയ ബില്ലിന്റെ നിലവിലെ സ്ഥിതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>" എം. ചന്ദ്രൻ<br>" വി.ചെന്താമരാക്ഷൻ<br>" എം.ഹംസ | ശ്രീ.പി.ജെ.ജോസഫ്<br>(ജലവിഭവ വകുപ്പു മന്ത്രി) |

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| എ) | കൊക്കകോള കമ്പനിയുടെ പ്രവർത്തന ഫലമായി ദുരിതം നേരിട്ടവർക്ക് ആശ്വാസവും നഷ്ടപരിഹാരവും നൽകുന്നതിനായി ട്രിബ്യൂണൽ രൂപീകരിക്കാൻ സംസ്ഥാന നിയമസഭ പാസ്സാക്കിയ ബില്ലിന്റെ നിലവിലെ സ്ഥിതി അറിയിക്കാമോ ; | എ) & ബി) | പ്ലാച്ചിമട കൊക്കകോള കമ്പനിയുടെ പ്രവർത്തനഫലമായി ദുരിതം നേരിട്ടവർക്ക് ആശ്വാസവും നഷ്ട പരിഹാരവും നൽകുന്നതിനായി സ്പെഷ്യൽ ട്രിബ്യൂണൽ രൂപീകരിക്കുന്നതിനുവേണ്ടി സംസ്ഥാന നിയമസഭ പാസ്സാക്കിയ "പ്ലാച്ചിമട കൊക്കകോള വിക്ടിംസ് റിലീഫ് & കോമ്പൻസേഷൻ ക്ലെയിംസ് സ്പെഷ്യൽ ട്രിബ്യൂണൽ ബിൽ 2011" രാഷ്ട്രപതിയുടെ പരിഗണനയ്ക്കായി സമർപ്പിക്കുകയുണ്ടായി. പരിസ്ഥിതി നിയമലംഘനം മൂലമുണ്ടാകുന്ന ദുരിതങ്ങൾക്കും തർക്കങ്ങൾക്കും പരിഹാരം കാണുന്നതിനായി ഭരണഘടന അനുശാസിക്കുംപ്രകാരം ദേശീയ ഹരിത ട്രിബ്യൂണൽ (NGT) ആക്ട് രൂപീകരിക്കപ്പെട്ടിരിക്കുന്ന സാഹചര്യത്തിൽ, കൊക്കകോള കമ്പനിയുടെ പ്രവർത്തന ഫലമായുണ്ടാകുന്ന ദുരിതങ്ങൾക്കുള്ള നഷ്ട പരിഹാരത്തിനായി പ്രസ്തുത ട്രിബ്യൂണലിനെ സമീപിക്കേണ്ടതാണെന്ന നിർദ്ദേശത്തോടെ കേന്ദ്ര |
| ബി) | ഈ ബില്ലിൽ രാഷ്ട്രപതി വിശദീകരണം ആവശ്യപ്പെടുകയോ, ബില്ലിൽ ഒപ്പു വയ്ക്കുകയോ ചെയ്തിട്ടുണ്ടോ ; | | |

ആഭ്യന്തരമന്ത്രാലയം പ്രസ്തുത കരട് ബിൽ രാഷ്ട്രപതിയുടെ അംഗീകാരത്തിനു സമർപ്പിക്കാതെ നിരാകരിച്ചു. കേന്ദ്ര സർക്കാരിന്റെ ഈ നടപടി സംബന്ധിച്ചും ഇതിന്മേൽ സ്വീകരിക്കേണ്ട തുടർ നടപടി സംബന്ധിച്ചും സംസ്ഥാന സർക്കാർ അഡ്വക്കറ്റ് ജനറലിന്റെ നിയമോപദേശം ആരാഞ്ഞിരിക്കുകയാണ്.

സി) ബില്ലിന് അംഗീകാരം ലഭിക്കുന്നതിനുണ്ടായ തടസ്സങ്ങൾ എന്തൊക്കെയാണെന്നും, അത് പരിഹരിക്കാനായി സ്വീകരിച്ച നടപടികളും വ്യക്തമാക്കുമോ?

സി) പരിസ്ഥിതി നിയമലംഘനം മൂലമുണ്ടാകുന്ന ദുരിതങ്ങൾക്കും തർക്കങ്ങൾക്കും പരിഹാരം കാണുന്നതിനായി ദേശീയ ഹരിത ട്രിബ്യൂണൽ (NGT) ആക്ട് രൂപീകരിച്ചിട്ടുള്ളതിനാലാണ് കേന്ദ്രസർക്കാർ കേരള നിയമസഭ പാസ്സാക്കി സമർപ്പിച്ച കരട് ബില്ല് നിരാകരിച്ചിട്ടുള്ളത്. കേന്ദ്ര സർക്കാരിന്റെ പ്രസ്തുത നടപടി സംബന്ധിച്ചും ഇതിന്മേൽ സ്വീകരിക്കേണ്ട തുടർ നടപടി സംബന്ധിച്ചും സംസ്ഥാന സർക്കാർ അഡ്വക്കറ്റ് ജനറലിന്റെ അഭിപ്രായം ആരാഞ്ഞിരിക്കുകയാണ്.

സെക്ഷൻ ഓഫീസർ